**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരവികസനവുമായി ബന്ധപ്പെട്ട് മിൽമ എത്ര ലിറ്റർ പാൽ ആണ് അധികമായി സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ വർഷത്തെ പാൽ സംഭരണത്തെ അപേക്ഷിച്ച് ഏകദേശം 17% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021 ജൂൺ മാസത്തിൽ സംസ്ഥാനത്തെ മൊത്ത ഉപഭോഗത്തിനു ശേഷം പ്രതിദിനം ശരാശരി 1,33,000/- ലിറ്റർ പാൽ അന്യ സംസ്ഥാനത്തേക്ക് അയച്ച് പാൽപ്പൊടി ആക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിപണനത്തിൽ കുറവ് വന്നിട്ടുള്ള സാഹചര്യത്തിലാണ് അധിക പാൽ അന്യ സംസ്ഥാനത്തേയ്ക്ക് അയച്ച് പാൽപ്പൊടിയാക്കുന്നത്. |
| (ബി) | സംസ്ഥാനത്തിനകത്ത് നിന്നും അധികമായി സംഭരിക്കുന്ന പാൽ ഇവിടെത്തന്നെ വൈവിധ്യവൽക്കരണത്തിലൂടെ പാൽപ്പൊടി ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾ ആക്കാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | മലബാർ ക്ഷീരോൽപാദക യൂണിയന്റെ ഉടമസ്ഥതയിൽ, സർക്കാർ ധനസഹായത്തോടെ മലപ്പുറം ജില്ലയിൽ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ